"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കുടുംബശ്രീ - ജീവനക്കാര്യം - ശ്രീ.ജയൻ.എം.വി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റ്, കിഴക്കേക്കാരം, താഴെചൊവ്വ, കണ്ണൂർ എന്നവരുടെ കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി 02.09.2025 മുതൽ ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2254/2025/LSGD തീയതി,തിരുവനന്തപുരം, 19-09-2025

---

പരാമർശം:-

1. 10/05/2013 തീയതിയിലെ 42/2013/ധന നം. സർക്കുലർ
2. 28/11/2013-ലെ സ.ഉ.(പി)നം.580/2013/ധന
3. 22/08/2024-ലെ സ.ഉ.(സാധാ)നം.1568/2024/തസ്വഭവ
4. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 23/08/2025 -ലെ 2116/E1/2024/KSHO നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.ജയൻ.എം.വി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റ്, കിഴക്കേക്കാരം, താഴെചൊവ്വ, കണ്ണൂർ എന്നവരെ പരാമർശം (3) പ്രകാരം കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിലെ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിൽ 02/09/2024 മുതൽ ഒരു വർഷത്തേക്ക് അന്യത്രസേവന വ്യവസ്ഥയിൽ നിയമിച്ചിരുന്നു. ടിയാളുടെ അന്യത്രസേവന കാലാവധി 01/09/2025 -ൽ അവസാനിക്കുന്നതായും 02/09/2025 മുതൽ ഒരു വർഷത്തേക്ക് കൂടി അന്യത്രസേവന കാലം ദീർഘിപ്പിച്ചു നല്കണമെന്നും പരാമർശം (4) പ്രകാരം കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ജയൻ.എം.വി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റ്, കിഴക്കേക്കാരം, താഴെചൊവ്വ, കണ്ണൂർ എന്നവരുടെ കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷനിൽ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ തസ്തികയിലെ അന്യത്രസേവന കാലാവധി കേരള സർവ്വീസ് റൂൾസ് ഭാഗം -1 ചട്ടം 140 (സി) പ്രകാരമുള്ള വ്യവസ്ഥകൾക്കും പരാമർശം (1) സർക്കുലറിലെയും പരാമർശം (2) ഉത്തരവിലെയും മാനദണ്ഡങ്ങൾക്കും വിധേയമായി 02/09/2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വിനീത വി ആർ
അണ്ടർ സെക്രട്ടറി

എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
ശ്രീ.ജയൻ.എം.വി, ഡയറി എക്സ്റ്റൻഷൻ ഓഫീസർ, ഡയറി എക്സ്റ്റൻഷൻ സർവീസ് യൂണിറ്റ്, കിഴക്കേക്കാരം, താഴെചൊവ്വ, കണ്ണൂർ (ക്ഷീരവികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ക്ഷീരവികസന വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ/ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി (IA1/257/2025-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Alex G C
Date: 19-09-2025 16:34:02
സെക്ഷൻ ഓഫീസർ